# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാരാരിക്കളം വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP.P-8/1093/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-8/1093/2023 തീയ്യതി: 03/10/2023

# ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ സി.സി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാകലിൻ പി.ഡബ്ല്യു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുദർശനാഭായി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.അജിതാ കുമാരി.എൽ | സെക്രട്ടറി | 01-04-2022 | 09-05-2022 |
| ശ്രീ.ജി.രാമചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-05-2022 | 06-10-2022 |
| ശ്രീമതി.ബിജി.എസ് | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അശ്വതി വിശ്വനാഥൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജോർജ്ജ് വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.രജനി | മെഡിക്കൽ ഓഫീസർ , പി. എച്ച്. സി, | 01-04-2022 | 31-03-2023 |
| ഡോ.ജിജി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 08-06-2022 |
| ഡോ.ശാലിനി തോമസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 09-06-2022 | 31-03-2023 |
| ഡോ.വിദ്യ എം. പൈ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 19-04-2022 |
| ഡോ.ഹേമ തിലക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-04-2022 | 31-03-2023 |
| ശ്രീമതി.ലീന ഡെന്നിസ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ.ജോൺബോസ്കോ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രിയമ്മ ഫിലിപ്പ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 30-05-2022 |
| ശ്രീമതി മീര.സി.കെ | അസിസ്റ്റന്റ് എൻജിനീയർ | 31-05-2022 | 31-08-2022 |
| ശ്രീമതി.പ്രിയമ്മ ഫിലിപ്പ് | അസിസ്റ്റന്റ് എൻജിനീയർ | 01-09-2022 | 31-03-2023 |
| ശ്രീമതി.റോസമ്മ കെ ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്വപ്ന എസ് പിള്ള | ഡെയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 30-12-2022 |

| | | | |
|---|---|---|---|
| ശ്രീ.ശിവപ്രസാദ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 31-12-2022 | 31-03-2023 |
| ശ്രീമതി ആതിര എസ്.കുറുപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കണിച്ചുകുളങ്ങര) | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത ഒ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മാരാരിക്കുളം) | 01-04-2022 | 27-07-2022 |
| ശ്രീ.അഹ്ലൽ ദേവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മാരാരിക്കുളം) | 28-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | റീ കൺസിലിയേഷൻ പത്രികകളിലെ അപാകതകൾ | 1-1-3 |
| 5 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും മുന്നിരിപ്പ് തുടരുന്നു | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല | 1-1-5 |
| 7 | വാർഷികകണക്കിലെ തുകകളും രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | B4 ഷെഡ്യൂളിൽ ചെലവ് ചെയ്യാതെ തുക അവശേഷിക്കുന്നു | 1-1-7 |
| 9 | ക്യാഷ് ഫ്ലോ പത്രിക -പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ബജറ്റിന്റെ അവലോകനം | 1-2-1 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | തനതുവരുമാനവർദ്ധനവിനായി സ്വീകരിച്ച നടപടികൾ | 1-10 |
| 21 | ഓഡിറ്റ് ഇംപാക്ട് - ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന കരാർ പ്രവർത്തികൾക്ക് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് കരാർ തുകയുടെ 0.2% തുക ഈടാക്കി | 1-11 |
| 22 | റിസോർട്ടുകളിലെ നീന്തൽകുളങ്ങൾ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 1-12 |
| 23 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-13 |

| | | |
|---|---|---|
| 24 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല | 1-14 |
| 25 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-15 |
| 26 | ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-16 |
| 27 | ആഗതി ആശ്രയ പദ്ധതിക്കായി സിഡിഎസിന് അനുവദിച്ച തുക സിഡിഎസിന്റെ അക്കൌണ്ടിൽ വരവ് വന്നില്ല 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 28 | വാട്ടർ അതോറിറ്റി അനധികൃതമായി കട്ട് ചെയ്ത ടാപ്പുകൾ പുന:സ്ഥാപിച്ചില്ല | 1-18 |
| 29 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഒരേ സ്വഭാവമുള്ള വാങ്ങലുകൾക്ക് വ്യത്യസ്ത നിരക്ക് നൽകി | 1-19 |
| 30 | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ-അവലോകനം | 1-20 |
| 31 | വളം വിതരണം പദ്ധതി -യഥാർത്ഥ ഗുണഭോക്താക്കൾ വളം കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 13,08,420 /- രൂപ തടസ്സപ്പെടുത്തി | 1-21 |
| 32 | സെക്രട്ടറി നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും പദ്ധതി -അപാകതകൾ | 1-22 |
| 33 | അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കാതെ പ്രൊജക്ടർ വാങ്ങി - 62,414 /- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ അപാകതകൾ | 1-24 |
| 35 | ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം വാങ്ങിയത് പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-25 |
| 36 | കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല | 1-26 |
| 37 | കെ.എം.എസ്.സി.എൽ. ന് തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-27 |
| 38 | മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-28 |
| 39 | കരാർ പ്രവർത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 1- 29 |
| 40 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാറുകാരിൽ നിന്നും ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല | 1-30 |
| 41 | എർത്ത് ഫില്ലിംഗ് ക്വോണ്ടിറ്റി കാൽക്കുലേഷനിലെ പിശക് മൂലം അധികം ചെലവഴിച്ചു | 1-31 |
| 42 | കരാർ പ്രവർത്തിക്ക് എഗ്രിമെന്റ് വെക്കുന്നതിലെ അപാകതകൾ | 1-32 |
| 43 | കാലിവീപ്പയുടെ ജി.എസ്.ടി ബില്ലിൽ കുറവ് ചെയ്യാത്തതിനാൽ നഷ്ടമായി | 1-33 |

| | | |
|---|---|---|
| 44 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് ഫൈൻ ഈടാക്കിയില്ല | 1-34 |
| 45 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴുത്ത് നിർമ്മാണം | 1-35 |
| 46 | 2018, 2019 വർഷങ്ങളിൽ ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-36 |
| ഭാഗം **2** | | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസീടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| 1 | എർത്ത് ഫില്ലിംഗ് കോണ്ടിറ്റി കാൽക്കുലേഷനിലെ പിശക് മൂലം അധികം ചെലവഴിച്ചു | 3-1 |
| 2 | കരാർ പ്രവർത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 3-2 |
| 3 | കാലിവീപ്പയുടെ ജി.എസ്.ടി ബില്ലിൽ കുറവ് ചെയ്യാത്തതിനാൽ നഷ്ടമായി | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023-ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ,2011, 62(2)(എഫ്) പ്രകാരമുള്ള പത്രികയായ റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിൽ സി എഫ് സി ഗ്രാന്റ് ഇനത്തിൽ ബി 4 ഷെഡ്യൂളിൽ 27,56,846 /- രൂപ അവശേഷിക്കുന്നുണ്ട്, എന്നാൽ ബി 17 ഷെഡ്യൂളിൽ 29,91,680 /- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്, വ്യത്യാസം നിലനിൽക്കുന്നു.

### 1-1-3 റീ കൺസിലിയേഷൻ പത്രികകളിലെ അപാകതകൾ

A) എസ്.ബി.ഐ. ഇ-പേയ്മെന്റ് അക്കൌണ്ടിന്റെ പാസ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് തുക 1,30,29,518 /- രൂപയാണ്, റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued Bout Not Presented Into Bank 26,00,000 /- – രൂപയും Cheque Deposited But Not Cleared 29,242 – രൂപയും ഉണ്ട്.

മേൽ തുകകൾ ക്രമീകരിച്ചിട്ടില്ല

B) ബാങ്ക് ഓഫ് ബറോഡ അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented In To Bank 4,07,353 /- എന്ന് കാണുന്നു, ഈ തുക ക്രമീകരിച്ചിട്ടില്ല

C) കാനറാ ബാങ്ക് അക്കൌണ്ടിന്റെ നീക്കിയിരുപ്പ് പാസ്ബുക്ക് പ്രകാരം 5,08,095 /- രൂപയും വാർഷികകണക്ക് പ്രകാരം 2,80,132 /- രൂപയുമാണ്. Cheque Issued But Not Preseted In To Bank 2,27,963 /-, ചെക്ക് ക്രമീകരിച്ചിട്ടില്ല

D) കേരളാബാങ്ക് -(ഓൺ ഫണ്ടിൽ) അക്കൌണ്ടിൽ ബാങ്ക് പാസ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് തുക 6206598, റീ കൺസിലിയേഷൻ തുക 65,05,018 /-

Cheque Issued But Not Presented In To Bank 116180

Cheque Deposited But Not Cleared =414600

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടിസ്വീകരിച്ചിട്ടില്ല.

### 1-1-4 സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും മുന്നിരിപ്പ് തുടരുന്നു

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭ്യമായ ജില്ലാപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെങ്കിലും ബി4, ഷെഡ്യൂളിൽ നിക്കിയിരുപ്പായി യഥാക്രമം 116700, 25895 /- രൂപ അവശേഷിക്കുന്നുണ്ട്. വാർഷിക കണക്കിൽ മാത്രം അവശേഷിക്കുന്ന തുകയായതിനാൽ ആയവ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയവയുടെ ലെഡ്ജറിൽ വർഷാവസാനം ആണ് ഡിമാന്റ് എൻട്രി വരുത്തുന്നത്.

### 1-1-6 വാർഷികകണക്കിലെ തുകകളും രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിലെ തുകകളും രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഉദാ. വസ്തുനികുതി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും വാർഷികകണക്കും തമ്മിൽ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഐറ്റം | വാർഷികകണക്ക് പ്രകാരം | സഞ്ചയപ്രകാരം |
|---|---|---|
| റസിഡൻഷ്യൽ ബിൽഡിംഗ് കറന്റ്കളക്ഷൻ | 32,31,213 | 32,36,767 |
| റസിഡൻഷ്യൽ ബിൽഡിംഗ് അരിയർ കളക്ഷൻ | 97,077 | 96,990 |
| നോൺ റസിഡൻഷ്യൽ ബിൽഡിംഗ് കളക്ഷൻ | 34,99,306 | 35,03,160 |

| | | |
|---|---|---|
| നോൺ റസിഡൻഷ്യൽ ബിൽഡിംഗ് അരിയർ കളക്ഷൻ | 2,50,616 | 2,50,627 |

1-1-7 B4 ഷെഡ്യൂളിൽ ചെലവ് ചെയ്യാതെ തുക അവശേഷിക്കുന്നു

ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ ബി4 ഷെഡ്യൂളിൽ 6,43,570 /- നിലനിൽക്കുന്നുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ 5,68,809 /- രൂപ മുൻവർഷങ്ങളിലായി ലഭ്യമായ തുകയാണ്. തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-8 ക്യാഷ് ഫ്ലോ പത്രിക -പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [(-)46,17,004 രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [- 33,51,217/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-9 തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ഇഎഫ്എംഎസ് സ്റ്റേറ്റ്മെന്റിലെ തുകയും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
വാർഷികകണക്ക് പ്രകാരം - 103074412

ഇഎഫ്എംഎസ് സ്റ്റേറ്റ്മെന്റ് പ്രകാരം - 102449896
വ്യത്യാസം വിശദീകരിച്ചിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 8.3.23-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 31,10,27,955 | 33,63,31,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 24,62,08,072 | 25,55,32,523 |

1-2-1 ബജറ്റിന്റെ അവലോകനം

2022-23 വർഷത്തെ ബജറ്റ് 23.3.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 08.03.2023-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ | ഹെഡ് | ഹെഡിന്റെ | പരിഷ്കരിച്ച | യഥാർഥ | റിമാർക്സ് |
|---|---|---|---|---|---|

| നമ്പർ | | വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | ചെലവ് (I&E Statement പ്രകാരം) | |
|---|---|---|---|---|---|
| 1. | 2101001 | സാലറീസ് | 11,00,000 | 1,04,06,103 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2103002 | ലീവ് സറണ്ടർ | 00 | 1,27,532 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 3 | 2101003* | ബോണസ് | 20,000 | 22,108 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 210400 | ടെർമിനൽ സറണ്ടർ | 00 | 9,16,020 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 5 | 2201003 | വാഹന നികുതി | 00 | 17,405 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 6 | 2201201 | ഓഫീസ് ചെലവുകൾ | 2,00,000 | 2,40,386 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 7 | 2202101 | അച്ചടിയും സ്റ്റേഷണറിയും | 2,00,000 | 3,62,003 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2204001 | വാഹന ഇൻഷ്വറൻസ് | 50,000 | 59,033 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 9 | 2206001 | പരസ്യവും പ്രചരണവും | 10,000 | 69,800 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 10 | 2208001 | മറ്റ് ഭരണചെചലവുകൾ | 2,00,000 | 12,52,887 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 11 | 2303001 | കൺസപ്ഷൻ ഓഫ് സ്റ്റോഴ്സ് | 00 | 17,020 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 12 | 2304001 | വാടക | 50,000 | 95,485 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 13 | 2305009 | സംരക്ഷണവും അറ്റകുറ്റപ്പണികളും ജംഗമ ആസ്തികൾ | 1,00,000 | 2,27,329 | സംരക്ഷണവും അറ്റകുറ്റപ്പണികളും ജംഗമ ആസ്തികൾ |
| 14 | 2305099 | സംരക്ഷണവും അറ്റകുറ്റപ്പണികളും മറ്റ് സ്ഥിര ആസ്തികൾ | 00 | 2,500 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |

*സെക്രട്ടറിയുടെ ടെലിഫോൺ ചാർജ്ജ് ഈ ഹെഡ്ഡിലാണ് ചെലവ് ചെയ്തിട്ടുള്ളത്.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/09.8.2023) ലഭ്യമാക്കിയ മറുപടിയിൽ പല ഹെഡ്ഡുകളിലും വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവഴിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും മറ്റ് പലതും ക്ലറിക്കൽ മിസ്റ്റേക്കുകളാണെന്നും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ്

ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,89,13,322 |
| വരവ് | 7,97,86,414 |
| ആകെ | 9,86,99,736 |
| ചെലവ് | 7,62,00,647 |
| നീക്കിയിരിപ്പ് | 2,24,99,089 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ടുമെന്റ്/ തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 2,98,03,000 | | 2,98,03,000 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | | 50,25,000 | 50,25,000 | 50,25,000 | | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 2,91,000 | 2,91,000 | 2,91,000 | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 1,01,57,700 | 1,01,57,700 | 35,56,317 | 66,01,383 | 66,01,383 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 88,14,000 | 88,14,000 | 80,61,669 | 7,52,331 | 7,52,331 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 12,00,337 | 12,00,337 | 6,34,517 | 5,65,820 | |
| (ടൈഡ്) ബാങ്ക് | 23,08,482 | 77,74,000 | 1,00,82,482 | 87,56,174 | 13,26,308 | |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | | 6,83,337 | 6,83,337 | 6,83,337 | | |
| (അൺടൈഡ്) ബാങ്ക് | 11,26,453<br>3,04,085<br>(Interest) | 51,82,000 | 66,12,538 | 51,82,000 | 14,30,538 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 171 | 17,51,58,087 | 80 | 10,18,16,964 | 64 | 27 | 47 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85,080 | 120 |
| കർഷകതൊഴിലാളി പെൻഷൻ | 56,01,800 | 505 |
| വിധവാ പെൻഷൻ | 74,80,600 | 755 |
| വാർദ്ധക്യകാല പെൻഷൻ | 1,40,35,400 | 1483 |
| വികലാംഗ പെൻഷൻ | 49,40,600 | 439 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 14,15,200 | 138 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60,000 | 2 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,53,091 | 15,25,521 | 19,78,612 | 19,72,905 | 5,707 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10,24,49,896 | 10,24,49,896 | 10,24,49,896 | 0 |
| | 4,53,091 | 10,39,75,417 | 10,44,28,508 | 10,44,22,801 | 5,707 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.8.2023 തീയതിയിൽ 02:45 P.M സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54,428/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) വിവിധ വികസന പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന പൂർണ്ണമായ രേഖകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണം കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ.

3) ഗ്രാമ പഞ്ചായത്തിനെ അറിയിക്കാതെ തന്നെ വാട്ടർ അതോറിട്ടി അനധികൃതമായി ടാപ്പുകൾ കട്ട് ചെയ്തു .

4) ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.

5) തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6) ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

7) പലയിനങ്ങൾക്കും ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവഴിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

1-10 തനതുവരുമാനവർദ്ധനവിനായി സ്വീകരിച്ച നടപടികൾ

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

ബജറ്റിലെ വരവുകളിൽ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് -84,00,000/-രൂപയും ILGMS വസ്തു നികുതി വരവ്-74,37,287/-രൂപയും സഞ്ചയ വസ്തുനികുതി വരവ്-76,40,518/-രൂപയുമാണ്. വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. സെപ്റ്റംബർ മുതൽ ഓരോ വാർഡിലും ക്യാമ്പ് കളക്ഷൻ നടത്തുകയും മാർച്ചിൽ ജീവനക്കാർ നേരിട്ട് വീടുകളിൽ ചെന്ന് നികുതി പിരിക്കുകയും ചെയ്തതിന്റെ ഫലമായാണ് 100% നികുതി ലഭിച്ചതെന്നും പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും നികുതി അടയ്ക്കാൻ തയ്യാറാകാതിരുന്ന 9 വ്യക്തികൾക്കെതിരെ (ഒരു എ.ടി.സി ടെലികമ്മ്യൂണിക്കേഷൻ ടവറിനുൾപ്പെടെ) തൻവർഷം കേസ് ഫയൽ ചെയ്തിട്ടുണ്ട്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.07.2023-ലെ 1(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നാഷണൽ ഹൈവേയ്ക്ക്സമീപം പ്രഥമ മേഖലയും തീരപ്രദേശം തൃതീയമേഖലയും ഇതിന് ഇടയ്ക്ക് ദ്വിതീയമേഖലയുമായാണ് നിലനിർത്തിയിരിക്കുന്നത്. ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമത്തിലുള്ള മാറ്റങ്ങൾ,എന്നിവ മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.(ഉദാഹരണങ്ങൾ ഖണ്ഡിക 1-16ൽ) ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃത കെട്ടിങ്ങളുടെ രജിസ്റ്ററിൽ 2022-23 സാമ്പത്തികവർഷത്തിൽ അനധികൃതനിർമ്മാണങ്ങൾ ഒന്നും ഉൾപ്പെട്ടിട്ടില്ല. സഞ്ചയ രജിസ്റ്റർ പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളിൽ നിന്നും തൻവർഷം 3 ഇരട്ടി നികുതി ഈടാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കി ക്രമവല്ക്കരണത്തിനായി ലഭിച്ച അപേക്ഷകളിൽ ഒന്നും തീർപ്പാക്കാനവശേഷിക്കുന്നില്ല. പഞ്ചായത്തിലെ സഞ്ചയഡാറ്റാബെയ്സ് പ്രകാരമുള്ള 18 മൊബൈൽ ടവറുകളിൽ 17 എണ്ണത്തിന്റെയും വസ്തുനികുതി തൻവർഷം ലഭിച്ചിട്ടുണ്ടെങ്കിലും ബി.എസ്.എൻ.എൽ., എ.ടി.സി എന്നീടവറുകളുടെ നികുതി തൻവർഷത്തിൽ പോസ്റ്റ് ചെയ്യാൻസാധിക്കാത്തതിനാൽ ഈ തുക(114705/-)അദർഡെപ്പോസിറ്റെന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സഞ്ചയയിൽ വസ്തുനികുതി കുടിശ്ശിക കാണിക്കുന്നുണ്ട്. ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനായി ധനകാര്യസ്ററാൻഡിംഗ് കമ്മറ്റി ശുപാർയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ 5 റേഷൻകട ലൈസൻസികളിൽനിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നുണ്ട്. 18 വാർഡുകളിലുമുള്ള റേഷൻകട ലൈസൻസികളുടെ കൂടി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതി ഈടാക്കേണ്ടതാണ്.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

ദേശീയപാതാ വികസനത്തിന്റെ ഫലമായി പഞ്ചായത്തിൽ നിരവധി വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചുനീക്കുകയും പുതിയവ നിർമ്മിക്കുയും ചെയ്യുന്നുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റ ആസ്തിയിൽ ഉൾപ്പെട്ട ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1-11 ഓഡിറ്റ് ഇംപാക്ട് - ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന കരാർ പ്രവർത്തികൾക്ക് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് കരാർ തുകയുടെ 0.2% തുക ഈടാക്കി

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2ലക്ഷം കൂടിയത് 5ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷുറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവർത്തികളിൽ ഇപ്രകാരം ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവർത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2%നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | പെരുന്നേർമംഗലം എൽ.പി.സ്കൂൾ നവീകരണം | 126/23 | പി. ഗിരീഷ്കുമാർ | 167093 | 334 |
| 2 | മൃഗാശുപത്രി കെട്ടിടം അറ്റകുറ്റപ്പണി | 130/23 | അമൽദേവ് | 411338 | 823 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | കുരിശ്ശേരി പൊന്നാട് തോടിന്റെ സൈഡ് പിച്ചിംഗ് കെട്ടി സംരക്ഷണം | 23/23 | മിനി ശശിധരക്കുറുപ്പ് | 383036 | 766 |
| 4 | പുകലത്തോപ്പ് കലുങ്ക് പിച്ച് കെട്ടി സംരക്ഷണം | 26/23 | ബിജുമോൻ.എൻ | 934457 | 1869 |
| 5 | മൃഗാശുപത്രി വടക്കേതയ്യിൽ റോഡ് മെറ്റലിംഗ് ടാറിംഗ് | 9/23 | കെ.കെ.ശിവദാസ് | 281452 | 563 |
| ആകെ | | | | | 4355 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (21/9.8.23) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള പ്രവർത്തികളിലെ ഫൈൻ തുക 4,355/-രൂപ ഗ്രാമ പഞ്ചായത്തിൽ 1230100818/11.8.23 പ്രകാരം ഒടുക്ക് വരുത്തിയിട്ടുണ്ട്.

### 1-12 റിസോർട്ടുകളിലെ നീന്തൽകുളങ്ങൾ നികുതി ഈടാക്കുന്നത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രധാന റിസോർട്ടുകളായ എസ്കാപെഡ്, മാരാരി ബീച്ച് റിസോർട്ട്(സന്താരി പേൾ), കരപ്പുറം റെസിഡൻസി &സ്പാ, കാർണോസെറ്റ് എന്നിവയുടെ ഗൂഗിൾ ഫോട്ടോ ആൽബത്തിൽ ഒന്നിലധികം സ്വിമ്മിംഗ്പൂളുകൾ ഉള്ളതായി കാണുന്നു. എന്നാൽ സഞ്ചയ ഡാറ്റാബെയ്സിൽ ഈ റിസോർട്ടുകളുടെ കെട്ടിട നമ്പരുകളിൽ ഇവയെ നീന്തൽക്കുളങ്ങൾ എന്ന് പ്രത്യേക വിവരണം രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (28/11.8.2023)നല്കിയതിന് ആയത് പരിശോധിച്ച് നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി റിസോർട്ടുകളിലെ സ്വിമ്മിംഗ്പൂളുകൾ എല്ലാം നികുതിനിർണ്ണയത്തിൽ ഉൾപ്പെട്ടുവെന്നും അവയ്ക്ക് റിസോർട്ടുകളുടെ നികുതി നിരക്ക് തന്നെ ബാധകമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

### 1-13 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അപേക്ഷകളും തൊഴിൽ നികുതി രജിസ്റ്ററുമായി ഒത്തുനോക്കിയതിൽ താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടില്ല എന്നു കാണുന്നു.

1) ഫോം മാറ്റിംഗ്സ്ഇൻഡ്യ ലിമിറ്റഡ്

2) മാവേലി സ്റ്റോർ, കണിച്ചുകുളങ്ങര

3) സപ്ലൈകോ സൂപ്പർമാർക്കറ്റ്, മാരാരിക്കുളം

4) പൊക്ളാശ്ശേരി ക്ഷീരോല്പാദകസംഘം

5) കണിച്ചുകുളങ്ങര ക്ഷീരോൽപ്പാദക സംഘം

6) ജനക്ഷേമം ക്ഷീരോല്പ്പാദകസംഘം

7) റിഷിറാം ഹോസ്പിറ്റൽ

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.(5/8.8.2023) നൽകിയെങ്കിലും മറുപടിയായി മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കെല്ലാം ലൈസൻസ് എടുക്കണമെന്ന് കാണിച്ച് കത്ത് നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-14 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തിയുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. നാച്ചുറൽ ഫൈബർ ടഫ്റ്റ്(13/260A) എന്ന കയർമാറ്റ് നിർമ്മാണ സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷയിൽ 153Hp മോട്ടർ ഉപയോഗിക്കുന്നുവെന്ന് പറയുന്നുവെങ്കിലും ആയതിനുള്ള ഫീസ് ഈടാക്കിയില്ല.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (5/8.8.2023) നൽകിയതിന്റെ അടിസ്ഥാനത്തിൽ 2023-24 വർഷത്തെ മോട്ടോർ റണ്ണിംഗ് ഫീസ് ഉൾപ്പെടെ 4,000/-രൂപ ഈടാക്കുന്നതിന് പ്രസ്തുത സ്ഥാപന ഉടമയ്ക്ക് കത്ത് നല്കിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് അടവാക്കുന്നതു പ്രകാരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫീസീടാക്കി മാത്രം ലൈസൻസ് നൽകേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994-ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ സഞ്ചയ ഡാറ്റാ ബെയ്സ്, ലൈസൻസ് രജിസ്റ്റർ എന്നിവയുമായി ഒത്തുനോക്കിയതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് അപേക്ഷപ്രകാരം ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | രാഘവേന്ദ്ര വിദ്യാലയം | |
| 2 | നാച്ചുറൽ ഫൈബർ ടഫ്റ്റ് | 35 |
| 3 | മാരാരിക്കുളം കൊയർമാറ്റ്സ് മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് | 46 |

| | | |
|---|---|---|
| | സൊസൈറ്റി | |
| 4 | ഗാന്ധി സ്മാരകകേന്ദ്രം | |

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ) സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഇവരിൽ കരാറുകാരിൽ നിന്നും എല്ലാറേഷൻകടക്കാരിൽ നിന്നും നികുതി ഈടാക്കാത്തതായി കാണുന്നു.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(4/8.8.2023) നല്കിയതിന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനായി കത്ത് നല്കിയതിന്റെ പകർപ്പുകൾ ലഭ്യമാക്കുകയും നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരുടെയും ഡാറ്റാബെയ്സ് തയ്യാറാക്കി നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-16 ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

വസ്തുനികുതി നിർണ്ണയത്തിനുശേഷം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലുണ്ടാകുന്ന മാറ്റംമൂലം പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നതായി കാണുന്നു. പഞ്ചായത്തിലെ സഞ്ചയ ഡാറ്റബെയ്സിൽ ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങളായി ആകെ 3 കെട്ടിടങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ ഇവയിലുൾപ്പെടാത്തതും മറ്റ് റിസോർട്ടുകളോടനുബന്ധിച്ചുമുള്ള കെട്ടിടങ്ങളിൽ ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ നടത്തുന്നതിനായി 2022-23ൽ ലൈസൻസ് നല്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ, സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം /ഉപയോഗക്രമം /നികുതി നിരക്ക് | നിലവിലെ ഉപയോഗക്രമം/നികുതി നിരക്ക് |
|---|---|---|---|
| 1 | 18/598,മാരാരിബീച്ച് റിസോർട്ട്(സന്താരിപേൾ ) | 70m2 റിസോർട്ട് @90 | ആയുർവേദ സുഖചികിത്സാകേന്ദ്രം @160 |
| 2 | 14/25എസ്കപെഡ്റിസോർട്ട് | 299.42m2 @90 റിസോർട്ട് | ആയുർവേദ സുഖചികിത്സാകേന്ദ്രം @160 |

| | | | |
|---|---|---|---|
| | | | |
| 3 | 3/247ആശ തുഷാർ, ആയുർവേദ സ്പാ | 89.21m2<br>ഇതര വ്യവസായ സ്ഥാപനം<br>@60 | ആയുർവേദസ്പാ<br>@160 |

ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങളായി സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കിയിട്ടുണ്ടെങ്കിലും പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (6/8.8.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമത്തിനനുസരിച്ച് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 ആഗതി ആശ്രയ പദ്ധതിക്കായി സിഡിഎസിന് അനുവദിച്ച തുക സിഡിഎസിന്റെ അക്കൌണ്ടിൽ വരവ് വന്നില്ല 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ആഗതി ആശ്രയ പദ്ധതി യ്ക്കായി 4,50,000 /- രൂപ സിഡിഎസ് ന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. (അക്കൌണ്ട് നം.40481001003448). ചെലവ് രേഖകൾ പരിശോധിച്ചതിൽ 2,50,000 /- രൂപ മാത്രമാണ് അഗതി ആശ്രയ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. കൂടാതെ അനുവദിച്ച 2,00,000/- രൂപ സി.ഡി.എസിന്റെ അക്കൌണ്ടിൽ ലഭ്യമായിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതമായ 2,00,000/- രൂപ ഒഴികെ മറ്റ് തുകകൾ സിഡിഎസിന്റെ അക്കൌണ്ടിൽ ലഭ്യമായിട്ടുണ്ട്. 2022 നവംമ്പർ മാസത്തിൽ ജില്ലാസഹകരണബാങ്കിന്റെ പേര് മാറി കേരളബാങ്ക് ആയപ്പോൾ അക്കൌണ്ട് നം., ഐഎഫ്എസ് കോഡ് എന്നിവയിൽ ഉണ്ടായ മാറ്റം കാരണമാണ് ജില്ലാ പഞ്ചായത്ത് വിഹിതം അക്കൌണ്ടിൽ വരാതിരുന്നത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയത്. അതി ദരിദ്രർക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങി നൽകുന്നതിനാണ് ഈ തുക അനുവദിക്കുന്നത്. 22-23 വർഷം ഡിസംബർ വരെ മാത്രം സപ്ലൈക്കോയിൽ നിന്ന് ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുള്ളത്. പ്രസ്തുത തുക സിഡിഎസിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് ആകാത്തതിനെതുടർന്ന് ഭക്ഷ്യവസ്തുക്കളുടെ വിതരണം തടസ്സപ്പെട്ട അവസ്ഥയിലാണ്. ആകയാൽ അക്കൌണ്ടിൽ ലഭ്യമാകാതിരുന്ന തുക എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 148/23

ചെലവ് വിവരം

ബിൽ നം.10/22-23/06.10.2022, 100000/-

11/2022-23/06.10.2022, 150000 /-
200000/-(22060552013700594100/15.12.2022

1-18 വാട്ടർ അതോറിറ്റി അനധികൃതമായി കട്ട് ചെയ്ത ടാപ്പുകൾ പുന:സ്ഥാപിച്ചില്ല

പ്രോജക്ട് നം. 156/23
480000 /- 1821849/ 06.02.2023

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം 347 പൊതു ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കട്ട് ചെയ്യുന്നതിനും വാട്ടർ ചാർജ്ജ് കുറയ്ക്കുന്നതിനും ആയി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുകയും ആവശ്യമില്ലാത്ത 306 ടാപ്പുകൾ കട്ട്

ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുക്കുകയും ചെയ്തു. ഈ പ്രവൃത്തിക്കായി വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 4,80,000 /- രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ കണക്ക് പ്രകാരം 347 ടാപ്പുകളിൽ 306 ടാപ്പുകൾ കട്ട് ചെയ്തതിന് ശേഷം 41 ടാപ്പുകൾ അവശേഷിക്കേണ്ടതാണ്. എന്നാൽ 2023 ഓഗസ്റ്റിലെ വാട്ടർചാർജ്ജ് ബിൽ പ്രകാരം 25 ടാപ്പുകൾക്കാണ് തുക ഒടുക്കുന്നത്. ഇതിൽ നിന്നും വാട്ടർ അതോറിറ്റി അനധികൃതമായി ടാപ്പുകൾ കട്ട് ചെയ്തതായി കണക്കാക്കാവുന്നതാണ്. എന്നാൽ അനധികൃതമായി കട്ട് ചെയ്ത ടാപ്പുകൾ പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ജലജീവൻ പദ്ധതിയിൽ പൈപ്പ്ലൈൻ വലിക്കുന്നതിന്റ ഭാഗമായി സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭ്യമായ പ്രദേശങ്ങളിൽ ആവശ്യമില്ലെന്ന കണ്ട പൊതുടാപ്പുകൾ വാട്ടർ അതോറിറ്റി സ്വമേധയാ കട്ട് ചെയ്തു എന്നാണ് ഇത് സംബന്ധിച്ച എൻക്വയറിക്ക് മറുപടി നൽകിയത്. കുടിവെള്ളം ലഭ്യമാകുന്നില്ല എന്ന് വാട്ടർ അതോറിറ്റിയെ അറിയിച്ചുകൊണ്ടുള്ള കത്തിന്റെ ഡ്രാഫ്റ്റ് ഫയലിൽ ലഭ്യമായിരുന്നു. അതിനാൽ ഏതെങ്കിലും പ്രദേശത്ത് കുടിവെള്ളം ലഭ്യമാകാതെ ഉണ്ടെങ്കിൽ ആയവ പരിശോധിച്ച് അനധികൃതമായി കട്ട് ചെയ്ത ടാപ്പുകൾ വാട്ടർ അതോറ്റിയുടെ ചെലവിൽ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഒരേ സ്വഭാവമുള്ള വാങ്ങലുകൾക്ക് വ്യത്യസ്ത നിരക്ക് നൽകി

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് വിതരണം (102/23) പദ്ധതി നിർവ്വഹണം ചെയ്യുന്നതിനായി ആകെ 2,58,066 /- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ 64,476 /- രൂപയും ചെലവഴിച്ചിട്ടുണ്ട്. സൌത്ത് പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ടാങ്ക് വാങ്ങിയത്. ഒരെണ്ണത്തിന് 3,186 /- രൂപ നിരക്കിലാണ് ടാങ്ക് വാങ്ങിയത്.

തൻവർഷം തന്നെ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികവർഗ്ഗകുടുംബങ്ങൾക്ക് പി വി സി വാട്ടർ ടാങ്ക് എന്ന പദ്ധതിക്കായി ന്യൂലാൻഡ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ടാങ്കുകൾ വാങ്ങുന്നതിനായി 44,000 /-രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ബിൽ പ്രകാരം 12 ടാങ്കുകൾക്ക് ജി എസ് ടി ഉൾപ്പെടെ 45,600 /- രൂപ യാണ് ബിൽ തുക. 3,800/- രൂപ നിരക്കിലാണ് ടാങ്ക് വാങ്ങിയത്. സ്ഥാപനത്തിന്റെ ബില്ലിൽ 12 എണ്ണത്തിന് 45,600 /- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും ട്രഷറി ബിൽ പ്രകാരം 44,000 /- രൂപ മാത്രമാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

ഒരേ വർഷം നടപ്പാക്കിയ ഒരേ സ്വഭാവമുള്ള പദ്ധതിക്കായി ടാങ്കുകൾ വ്യത്യസ്ത നിരക്കിലാണ് വാങ്ങിയത്. വ്യത്യസ്ത നിരക്കിൽ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടെൻഡർ നടപടികളിലൂടെ കൂടുതൽ എണ്ണം ടാങ്കുകൾ വാങ്ങിയതിനാലാണ് പ്രോജക്ട് നം.102/23 ൽ ഉൾപ്പെട്ട ടാങ്കുകൾക്ക് വിലകുറച്ച് ലഭിച്ചതെന്നാണ് മറുപടി നൽകിയത്. രണ്ട് പ്രോജക്ടുകൾക്കും കൂടി ഒരു പർച്ചേസ് നടത്തിയാൽ ഇതിലും വിലകുറച്ച് ലഭ്യമാകുമായിരുന്നു. പർച്ചസ് കമ്മറ്റി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

ബിൽ നം.28/22-23/18.03.2023, 34834 /-

33/22-23/29.03.2023, 9166 /-
(ബിൽ നം.193590 /- – 2206055201370152O863/28.03.2023),
(ഗുണഭോക്തൃവിഹിതം – 64476 /- / 27.03.2023)

### 1-20 അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ-അവലോകനം

ഗ്രാമ പഞ്ചായത്തിൽ ആകെ 25 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 16 എണ്ണത്തിന് സ്വന്തമായി കെട്ടിടസൌകര്യമുണ്ട്. 8 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം വാടക രഹിത കെട്ടിടത്തിലും

പ്രവർത്തിക്കുന്നു. രണ്ട് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 10 കെട്ടിടങ്ങൾക്ക് പൂർണ്ണമായും 9 കെട്ടിടങ്ങൾക്ക് ഭാഗികമായും ചുറ്റുമതിലുണ്ട്. ചുറ്റുമതിൽ ഇല്ലാത്ത കെട്ടിടങ്ങളിൽ 6 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 24 അങ്കണവാടികൾക്ക് ടോയ്‌ലറ്റ് സൌകര്യം ഉണ്ട്. ടോയ്‌ലറ്റ് സൌകര്യം ഇല്ലാത്തതിന് ഈവർഷം നിർമ്മാണത്തിനായി പ്രോജക്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ഒരു അങ്കണവാടി നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭിക്കുകയും മൂന്നെണ്ണത്തിന് നിർദ്ദേശം വയ്ക്കുകയും ചെയ്തിട്ടുണ്ട്. 4 അങ്കണവാടികൾക്ക് ബേബി ഫ്രണ്ടലി ടോയ്‌ലറ്റുണ്ട്. 25 അങ്കണവാടികൾക്കും കറന്റ് കണക്ഷനും കുടിവെള്ള ലഭ്യതയും, ആഹാരസാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൌകര്യവുമുണ്ട്. 3 അങ്കണവാടികളിൽ വയറിംഗ് നടത്തുന്നതിനായി പ്രോജക്റ്റ് വച്ചിട്ടുണ്ട്. എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും തൻവർഷം ഫിറ്റ്നസ് ലഭിച്ചിട്ടുണ്ട്. വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾക്കെല്ലാം സ്വന്തം കെട്ടിടസൌകര്യങ്ങളും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയത് ലഭ്യമാക്കിയും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് കമ്മറ്റി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-21 വളം വിതരണം പദ്ധതി -യഥാർത്ഥ ഗുണഭോക്താക്കൾ വളം കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 13,08,420 /- രൂപ തടസ്സപ്പെടുത്തി

പ്രോജക്റ്റ് നം.116/23

അടങ്കൽ - 1277712 (വികസനഫണ്ട്), 425904 /- (ഗുണഭോക്തൃവിഹിതം)

ചെലവ് വിവരം -

ബിൽ നം – 464000 /- (22060552013200937823 / 21.12.2022)

352000/ - (22060552013200937828 / 21.12.2022

369315 /- (22060552013201385549 / 17.03.2022)

123105 /- (ഗുണഭോക്തൃവിഹിതം) 50499/17.03.2023

കൃഷി ഓഫീസർ നടപ്പാക്കിയ നാളികേരവികസനം പദ്ധതിക്കായി വേപ്പിൻപിണ്ണാക്ക്, ന്യൂട്രിമിക്സ് എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കേരളാ അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വേപ്പിൻ പിണ്ണാക്കും, ന്യൂട്രമികിസ് മത്സ്യഫെഡ് ഫിഷ് മീൽ ഓയിൽ പ്ലാന്റിൽ നിന്നും ആണ് വാങ്ങിയത്.

വേപ്പിൻ പിണ്ണാക്ക് വാങ്ങിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു

| ഇൻവോയ്സ് നം. | അളവ് | തുക | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം | കൊടുത്തത് |
|---|---|---|---|---|---|
| Amb/306 /22-23 | 11600 Kg | 4,64,000 | 348000 | 116000 | 464000 /- |
| Amb/307 /22-23 | 11600 | 4,64,000 | 348000 | 116000 | 352000 -<br>ആകെ 816000 (വികസനപണ്ട്) |
| Amb/307 /22-23 | 4000 | 1,60,000 | 120000 | 40000 | 110605 /-<br>112000 /- |

| | | | | | |
|---|---|---|---|---|---|
| | | | | | ആകെ ബി സി - 222605 |
| ആകെ | 27200 കിലോഗ്രാം | 10,88,000 | 816000 | 272000 | ഒടുക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം - 49395 /- |

ന്യൂട്രിഫിഷ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ഇൻവോയ്സ് നം. | അളവ് | തുക | വികസനഫണ്ട് ചെലവഴിക്കേണ്ടത് | ഗുണഭോക്തൃവിഹിതം ചെലവഴിക്കേണ്ടത് | കൊടുത്തത് |
|---|---|---|---|---|---|
| Fmop/00273 /25.01.2023 | 24621 | 4,92,420 | 369315 | 123105 | 369315 /- 148185 ആകെ പ്ലാൻ 517500 /- |
| Fmop/00391 /21.03.0023 | 9879 | 1,97,580 | 148185 | 49395 | 49395 123105 ആകെ ഗുണഭോക്തൃ വിഹിതം - 172500 |
| | 34500 | 6,90,000 | 517500 | 172500 | 690000 |

ഫയലുകൾ പരിശോധിച്ചതിൽ ഓരോവാർഡിലെയും കോക്കനട്ട് പ്രൊഡക്ഷൻ സൊസൈറ്റി കൺവീനറാണ് വളം കൈപ്പറ്റിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതവും കോക്കനട്ട് പ്രൊഡക്ഷൻ സൊസൈറ്റി കൺവീനറാണ് ഒടുക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് വളം വിതരണം ചെയ്തതിന്റെ രേഖകളും ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. യഥാർത്ഥ ഗുണഭോക്താക്കൾ തന്നെയാണ് വളം കൈപ്പറ്റിയതെന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. യഥാർദ്ധ ഗുണഭോക്താക്കൾ തന്നെയാണ് ആനുകൂല്യം കൈപ്പറ്റിയതെന്ന് ഉറപ്പിക്കേണ്ടത് നിർവ്വഹണോദ്യഗസ്ഥയുടെ ഉത്തരവാദിത്വമാണ്. എന്നാൽ ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയോ, ഓഡിറ്റിനെ ബോധ്യപ്പെടുത്തുകയോ ചെയ്തില്ല. ആകയാൽ ഗുണഭോക്താക്കൾ വളം കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. 13,08,420 /- രൂപ തടസ്സപ്പെടുത്തുന്നു.

1-22 സെക്രട്ടറി നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും പദ്ധതി -അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും എന്ന പദ്ധതിയോടനുബന്ധിച്ച് പുതുതായി സ്ട്രീറ്റ് ലൈൻ വലിച്ചിട്ടുള്ള സ്ഥലങ്ങളിൽ എൽ ഡി ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ വിളിക്കുകയുണ്ടായി. ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത ഹൈസ്റ്റോൺ ടെക്നോളജീസിന്റെ (438) ടെൻഡർ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. റർബൻ മിഷൻ പദ്ധതിയിൽ പുതുതായി സ്ഥാപിച്ച 500

പോസ്റ്റുകളിൽ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഏജൻസി ലഭ്യമാക്കിയ ബൾബുകളുടെയും അനുബന്ധ സാമഗ്രികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | ബൾ ബുകളുടെ എണ്ണം | തുക | മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം സ്ഥാപിച്ച ബൾബുകളുടെ എണ്ണം | ബിൽ നം. | ഏജൻസിക്ക് കൊടുത്ത തുക |
|---|---|---|---|---|---|
| HXT 20223931.01.2023 | 500 (Bulb)<br>Clamp 500 | 219002<br>115002 | 430 | 334000<br>S42968467/25/01/2023 | 2,83,050 |
| HXT 202246/16.02.2023 | 669 (Bulb)<br>Clamp 669 | 293022<br>153873 | ലഭ്യമല്ല | 446896/-S74988803/21.02.2023 | 4,38,134 |
| HXT 202246/16.02.2023<br>Kseb സൂപ്പർവിഷൻ ചാർജ്ജ് | 750 | 328500 | ലഭ്യമല്ല | 182537/-<br>S45603531/30.03.2023<br>24662/27.12.2022 | 1,82,537<br>24,662 |
| | ആകെ | | | 988095 | |

അപാകതകൾ

1) ഫയലിൽ ലഭ്യമാക്കിയ ടെൻഡർ രേഖകൾ പ്രകാരം LED Bulb With Aluminium Shade And Other Acesossaried For Post ന് കരാറുകാരൻ 438 /- രൂപയാണ് കോട്ട് ചെയ്തത്. പദ്ധതിയുടെ നിർവ്വഹണത്തിനായി 14.10.2022-ൽ കരാറുകാരനും പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ കോട്ട് ചെയ്ത തുക രേഖപ്പെടുത്തിയിട്ടില്ല. ഒരു പോസ്റ്റിന് ബൾബും മറ്റ് ഉപകരണങ്ങൾക്കും സ്ഥാപിക്കുന്നതിന് 438 /- രൂപ കോട്ട് ചെയ്തിട്ടുണ്ടെങ്കിലും പിന്നീട് ബൾബ് സ്ഥാപിക്കുന്നതിനുള്ള മറ്റ് ഉപകരണങ്ങൾ ആയ Bend Pipes And Clamps സപ്ലൈ ചെയ്യുകയും എക്സ്ട്രാ ഐറ്റത്തിന് 230 രൂപ കൂടി കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ എക്സ്ട്രാ ഐറ്റം ഉൾപ്പെടുന്ന തുകയാണ് ടെൻഡറിൽ രേഖപ്പെടുത്തിയത്. എന്നാൽ ടെൻഡറിൽ കോട്ട് ചെയ്ത തുകയിൽ നിന്നും വ്യത്യസ്തമായി കരാറുകാരന്റെ ആവശ്യപ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത Clamps ന് 230 /- രൂപ കൂടി ചേർത്താണ് തുക നൽകിയിട്ടുള്ളത്. മൂന്നാമത്തെ ബിൽ ഒഴികെ കരാറുകാരൻ സപ്ലൈ ചെയ്ത 1169 Clamp ന് 2,68,870 /- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ടെൻഡറിൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും അധികമായിട്ടാണ് കരാറുകാരന് തുക അനുവദിച്ചത്. കരാറുകാരന്റെ റിപ്പോർട്ടിനെ സാധൂകരിക്കുന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ആദ്യത്തെ ബില്ലിന് മാത്രമാണ് ലഭ്യമാക്കിയത്. പ്രസ്തുത ബിൽ പ്രകാരം സപ്ലൈ ചെയ്ത ബൾബുകൾ മാത്രം സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയത്. മറ്റ് രണ്ട് ബില്ലുകൾ പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത ബൾബുകളും മറ്റ് ഉപകരണങ്ങളും ഉപയോഗിച്ച് മെയിന്റനൻസ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. പദ്ധതിപൂർത്തീകരണത്തിന്റെ ശതമാനം എപ്രകാരമാണ് ഗ്രാമപഞ്ചായത്ത് കണക്കിലാക്കിയതെന്ന് വ്യക്തമല്ല. എന്നാൽ പരാതി പുസ്തകത്തിൽ ഇത് സംബന്ധിക്കുന്ന വിവരങ്ങളില്ലാത്തതും തങ്ങളുടെ വാർഡിലെ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് എല്ലാ വാർഡ് മെമ്പർമാരും പൂർത്തീകരണ സാക്ഷ്യപത്രം നൽകാത്തതും പദ്ധതിയുടെ നിർവ്വഹണത്തിലെ പിഴവുകളാണ്. ഏജൻസിക്ക് സെക്രട്ടറി അയച്ച കത്തിൽ ലൈറ്റുകൾ ഒന്നും കത്തുന്നില്ല എന്നും മെയിന്റനൻസ് നടത്തി അപാകതകൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഫയലിൽ പരിശോധിച്ചതിൽ ഏതൊക്കെ

വാർഡുകളിലെ ഏതൊക്കെ പോസ്റ്റുകളിലാണ് മെയിന്റനൻസ് ആവശ്യമുള്ളതെന്നോ, നടത്തിയതെന്നോ ഉള്ള വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.
2) കരാറുകാരൻ പുതിയ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ എസ് ഇബിയിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭ്യമല്ല. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്ക് ലഭ്യമല്ല. തെരുവ് വിളക്കുകളുടെ എണ്ണമോ തരമോ സംബന്ധിച്ച കണക്കുകൾ പഞ്ചായത്തിന്റെ പക്കലില്ല. മെയിന്റനൻസ് നടത്തിയ തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. കരാറുകാരൻ ലഭ്യമാക്കിയ ബൾബുകളും അനുബന്ധഉപകരണങ്ങളും ഉപയോഗിച്ച് മെയിന്റനൻസ് നടത്തിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(33/11.08.2023)ലഭ്യമാക്കിയ മറുപടിയിൽ 1034 ലൈറ്റുകൾ വിവിധ വാർഡുകളിലായി സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയില്ല.
തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംയുക്തപരിശോധനയിലൂടെ കൃത്യമാക്കി മാത്രം പ്രോജക്റ്റ് നടപ്പിലാക്കുക. കൃത്യമായ പരിപാലന ചെലവ് ലഭ്യമാക്കണമെന്ന വ്യവസ്ഥ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുക. ഗ്രാമപഞ്ചായത്തിന്റെ എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതാണ്. കരാർ വ്യവസ്ഥകൾ പ്രകാരം മാത്രം ഏജൻസിക്ക് തുക അനുവദിക്കേണ്ടതാണ്. ബിൽ പ്രകാരം വാങ്ങിയ ലൈറ്റുകൾ മുഴുവനായും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കാതെ പ്രൊജക്ടർ വാങ്ങി - 62,414 /- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - 185/23

അടങ്കൽ - 70000 /-

ചെലവ് വിവരം - 62414 /- 569808216/22.03.2023

പഞ്ചായത്ത് ആഫീസിലെ ആവശ്യങ്ങൾക്കായി 22-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായി പ്രൊജക്ടർ Gem ൽ നിന്നും വാങ്ങുന്നതിന് കെ എം ടെക്നോളജീസിന് 62,414 /- രൂപ നൽകിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

| ഇൻവോയ്സ് നം. | ഐറ്റം | തുക |
|---|---|---|
| KMR/22-23/2752/17.03.2023 | Motorised Screen4:3suvira Msr 6*4 | 6,680 |
| KMR/22-23 /2746/17.03.2023 | Multimedia Projector Epson EB -X49 | 48,534 |
| KMR/22-23/2751/17.03.2023 | Projector Wall Mount Altop Ast 1200<br>HDMI Cable Logic 10m<br>Vga Cable Nt 10m<br>Power Cable Nt 10m | 7,200 |

| | | |
|---|---|---|
| | Tottal | 62,414 |

കെ എം ടെക്നോളജീസിൽ നിന്നും പ്രൊജക്ടർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ടർ ലഭ്യമായെങ്കിലും സ്ഥാപിച്ചിട്ടില്ല എന്നാണറിയിച്ചത്. നിർമ്മാണപ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്ന ഹാളിൽ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് മുൻകൂറായി പ്രൊജക്ടർ വാങ്ങിയത്. വളരെക്കാലം പ്രവർത്തിക്കാതെ സൂക്ഷിച്ചാൽ പ്രൊജക്ടർ പ്രവർത്തനക്ഷമമല്ലാതാകാനുള്ള സാധ്യത ഉള്ളതിനാൽ അടിയന്തിരമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ടർ സ്ഥാപിക്കുന്നതുവരെ ചെലവഴിച്ച തുക 62,414 /- രൂപ തടസ്സപ്പെടുത്തുന്നു.

1-24 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ അപാകതകൾ

പ്രോജക്ട് നം. 75/2023

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ(ജനറൽ)

അടങ്കൽ-7,83,000/-രൂപ (വികസന ഫണ്ട്)

ചെലവ് - 1,03,500/-രൂപ (ബിൽ നം.18/22-23 തീ.20.03.2023)

ഐ.സി.ഡി.എസ് സൂപ്പർവൈസർ തൻവർഷം നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം 25 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിക്കപ്പെട്ട സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കുമാണ് കട്ടിൽ വാങ്ങി നല്കേണ്ടതെന്ന് പറഞ്ഞിരിക്കുന്നു. തൻവർഷം ഈ പദ്ധതി പ്രകാരം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയവ ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(25/10.08.2023) നല്കിയതിന്റെ മറുപടി പ്രകാരം പ്രോജക്ടിൽപറഞ്ഞിരിക്കുന്നതുപോലെയുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭയും പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നൽകിയതുമായ ലിസ്റ്റിലുൾപ്പെട്ട 60വയസ് കഴിഞ്ഞ ബിപിഎൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്കാണ് കട്ടിൽ നല്കിയതെന്നും തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഭാവിയിൽ ആനുകൂല്യം നല്കുമ്പോൾ സബ്സിഡി മാർഗരേഖയിൽ നിർദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷകരിൽ നിന്നും സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-25 ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം വാങ്ങിയത് പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം. S0105/2023

പ്രോജക്ടിന്റെ പേര് : ക്ഷീരകർഷകർക്ക് ധാതു ലവണ മിശ്രിതം വാങ്ങി നല്കൽ

അടങ്കൽ-1,60,000/-രൂപ (വികസന ഫണ്ട്)

ചെലവ് - 1,50,212/-രൂപ (ബിൽ നം. 1/22-23 തീ.19.10.2022

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടിലുൾപ്പെടുത്തി 160 ക്ഷീരകർഷകർക്ക് 9കിലോഗ്രാം വീതം ധാതു ലവണ മിശ്രിതം വാങ്ങി നല്കുന്നതിനായി കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയിലെ ആനിമൽ ന്യൂട്രീഷൻ ഹെഡിന്റെ 16.03.2022-ലെ പ്രഫോർമ ഇൻവോയിസ് നം.52/2021-22 പ്രകാരം ഒരു കിലോഗ്രാമിന് 100/-രൂപ നിരക്കിൽ 1440കിലോഗ്രാം ധാതുലവണ മിശ്രിതത്തിന് ട്രാൻസ്പോർട്ടിംഗ് ചാർജ് ഉൾപ്പെടെ 1,50,212/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് ധാതുലവണ മിശ്രിതം ലഭിച്ചിട്ടുള്ളതിന്റെ ബിൽ ഫയലിൽ ലഭ്യമായിരുന്നില്ല.

1440 കിലോഗ്രാം മിനറൽമിക്സ്ചർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ടെങ്കിലും 116 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. 157 പേരുടെ ഗുണഭോക്തൃലിസ്റ്റിൽ തന്നെ പല കർഷകരും മിശ്രിതം കൈപ്പറ്റാൻ തയ്യാറാകത്തതിനാൽ 2023-24 വർഷത്തെ ഗുണഭോകതൃലിസ്റ്റിൽ ഉൾപ്പട്ടവർക്ക് കൂടി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് കത്ത് തയ്യാറാക്കിയതിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണ്. 2021-22 ൽ തുടക്കമിട്ട് ഓഡിറ്റ് തീയതിവരെയും പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാതിരുന്നതിനും അർഹതയുള്ളവരുടെ എണ്ണം കണക്കാകാതെ

അധികമായി വാങ്ങൽ നടത്തിയതിന് വിശദീകരണവും മിനറൽ മിക്സ്ചർ വാങ്ങിയതിന്റെ ബിൽ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(25/10.08.2023)നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

44 ക്ഷീരകർഷകർക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്ന 396 കിലോഗ്രാം (44x9)മിനറൽ മിക്സ്ചറിന്റെ വിലയായ 39,600/-രൂപയുടെ ചെലവ് വിതരണം പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 1-26 കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല

ആദായ നികുതി നിയമം സെക്ഷൻ 194-J അനുസരിച്ച് ഡോക്ടർമാർ, അക്കൗണ്ടന്റുമാർ, എഞ്ചിനീയർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ മുതലായവർക്ക് അവരുടെ പ്രൊഫഷണൽ, അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്ക് നൽകുന്ന പ്രതിമാസ വേതനം 30,000/- രൂപയിൽ കൂടുതലാണെങ്കിൽ പ്രസ്തുത വേതനത്തിൽ നിന്നും 10% തുക TDS കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ മാരാരിക്കുളം വടക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോ.മനുരാജ് എസ്., ഡോ.കാർത്തിക് കെ.എം. എന്നിവർക്ക് നൽകിയ വേതനത്തിൽ നിന്ന് ആദായനികുതി കുറവ് ചെയ്തിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പേര് | പ്രതിമാസ വേതനം | ആകെ |
|---|---|---|
| ഡോ.മനുരാജ് എസ്. | 03/22-59920 | 2,50,320 |
| | 04/22-59920 | |
| | 05/22-59920 | |
| | 06/22-29400 | |
| | 07/22-41160 | |
| ഡോ.കാർത്തിക് കെ.എം. | 07/22-15680 | 5,14,500 |
| | 08/22-52920 | |
| | 09/22 To 02/23 -@63700 | |

വേതനം നൽകിയ തുകയ്ക്ക് ആനുപാതികമായി ആദായ നികുതി കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/09.08.23) ആദായനികുതി നിലവിൽ ഈടാക്കുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കി. വേതനം നൽകുന്ന തുകയ്ക്ക് ആനുപാതികമായി ആദായ നികുതി ഈടാക്കി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 കെ.എം.എസ്.സി.എൽ. ന് തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നടപ്പാക്കിയ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി കെ.എം. എസ്.സി.എൽ. ന് മുൻകൂർ നൽകിയ തുകയ്ക്ക് പൂർണ്ണമായി മരുന്നുകൾ ലഭിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | ബിൽ നം./തീയതി | നൽകിയ തുക | ലഭിച്ച മരുന്നിന്റെ വില | കിട്ടാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | S0017/23 ആരോഗ്യസുരക്ഷ, ജീവൻ സുരക്ഷ- FHC ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ | BRN12900915640 /15.12.2022 | 412370 | 119231 | 293139 |
| 2 | S0014/23 സുമന സാന്ത്വന പാലിയേറ്റീവ് കെയർ | BRN12900906400/ 14.12.2022 | 150000 | 44997 | 105003 |
| | | BRN12901266923/ 28.02.2023 | 50000 | 41038 | 8962 |
| 3 | S0155/23, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 156/15.12.2022 | 63855/- | 0 | 63855/- |
| | ആകെ | | | | 470959 |

4,70,959/- രൂപയുടെ മരുന്ന് ലഭ്യമാക്കി (ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ) വിശദാംശം അറിയിക്കേണ്ടതാണ്.

1-28 മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി രണ്ട് പ്രോജക്ടുകളിൽ 17.06.22-ലെ PF62, PF63 എന്നീ ഇൻവോയ്സുകൾ പ്രകാരം ഹോംകോയ്ക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക/തീയതി | ലഭിച്ചമരുന്നിന്റെ വില | ലഭിക്കുവാനുള്ള മരുന്നിന്റെ വില |
|---|---|---|---|
| S0031/23 | 300000- | 1,82,246 | 1,17,754 |

| | | | |
|---|---|---|---|
| ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ | BRN12700249645/27.06.2022 | | |
| S0032/23 ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ | 300000- BRN12700249644/27.06.2022 | 1,80,494 | 1,19,506 |
| ആകെ | | | 2,37,260 |

2,37,260/- രൂപയുടെ മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 29 കരാർ പ്രവർത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷ്വറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവർത്തികളിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവർത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2%നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് കളിസ്ഥലം നവീകരണം | 142/23 | ജിതേന്ദ് | 204365 | 409 |
| 2 | ഷൺമുഖക്ഷേത്രം തോട്ടുചിറ റോഡ് ടാറിംഗ് | 136/23 | അക്ഷയ് സി.അശോക് | 759309 | 1519 |
| 3 | മൃഗാശുപത്രി കരിക്കാത്തറ റോഡ് ടാറിംഗ് | 138/23 | കെ.ബൈജു | 506527 | 1013 |
| ആകെ | | | | | 2941 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (21/9.8.23) മറുപടി ലഭ്യമാക്കിയില്ല. കരാർ വ്യവസ്ഥ പ്രകാരം ഇൻഷ്വറൻസ് ലഭ്യമാക്കാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% നിരക്കിൽ ഈടാക്കേണ്ടതായ 2,941 /- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാറുകാരിൽ നിന്നും ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ തൻവർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ നടപ്പാത കോൺക്രീറ്റിംഗ് പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി, 1% ഐ.ടി എന്നിവ കുറവ് ചെയ്യാതെയാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. ഈ അപാകത ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, സെക്യൂർ ആപ്ലിക്കേഷൻ മുഖാന്തിരമാണ് പ്രവർത്തികളുടെ ഡേറ്റ തയ്യാറാക്കുന്നതെന്നും പ്രസ്തുത ഡേറ്റയിൽ മെറ്റീരിയൽ ഉൾപ്പെടുന്നയിനങ്ങൾക്ക് ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ സെക്യൂർ ആപ്ലിക്കേഷനിൽ നിരക്ക് നിർണ്ണയിച്ചതിൽ ഇപ്രകാരം ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടുള്ളതായി ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. തന്നെയുമല്ല ഓരോയിനത്തിനും എത്ര ശതമാനം നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇപ്രകാരം ജി.എസ്.ടി നിരക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതിന് യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ മേൽ വിഭാഗം ജീവനക്കാർക്ക് സാധിച്ചില്ല. ആയതിനാൽ മെറ്റീരിയൽ ഉൾപ്പെടുന്ന ഇനങ്ങളുടെ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടുന്നു എന്ന വാദം അംഗീകരിക്കാവുന്നതല്ല. ഡേറ്റ പ്രകാരമുള്ള നിരക്കിൽ ജി.എസ്.ടി ഉൾപ്പെട്ടാലും ഇല്ലെങ്കിലും മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യേണ്ടതും വരുമാന നികുതി സെക്ഷൻ 193C പ്രകാരം ബാധകമായ 1% ഐ.ടിയും ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ നടപ്പാത കോൺക്രീറ്റിംഗ് പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത ശ്രീ.പി.ജി.ഗോപിനാഥൻ എന്ന കരാറുകാരന് മെറ്റീരിയൽ വിലയിനത്തിൽ 13,43,998/- രൂപ നല്കിയിട്ടുണ്ട്. ഈ തുക കൂടി കണക്കിലെടുത്ത് കരാറുകാരൻ ജി.എസ്.ടി ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും പ്രസ്തുത പ്രതികയിൽ 2% ജി.എസ്.ടി, 1% ഐ.ടി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്തതായി അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ FTO ബില്ലുകളിലൊന്നും തന്നെ ജി.എസ്.ടി, ഐ.ടി എന്നിവ കുറവ് ചെയ്യുകയോ പഞ്ചായത്തിൽ ഒടുക്ക് വരുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ വരുമാന നികുതിയിനത്തിൽ 13,440/-രൂപ കേന്ദ്രസർക്കാരിന് നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നു. മേൽ സൂചിപ്പിച്ചവിധം മെറ്റീരിയൽ ഉൾപ്പെടുന്നയിനങ്ങളുടെ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതും 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യേണ്ടതും വരുമാന നികുതി സെക്ഷൻ 193C പ്രകാരം ബാധകമായ 1% ഐ.ടിയും ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്.

## 1-31 എർത്ത് ഫില്ലിംഗ് ക്വോണ്ടിറ്റി കാൽക്കുലേഷനിലെ പിശക് മൂലം അധികം ചെലവഴിച്ചു

തോട്ടുചിറ കലുങ്ക് നിർമ്മാണം- പ്രോജക്ട് നമ്പർ 35/23

അടങ്കൽ- 1450000/- തനത് ഫണ്ട്.

കരാറുകാരൻ- പി.എസ്.സുനിൽകുമാർ

പി.എ.സി- 1293988/- ചെക്ക് നമ്പർ- 757246/10.10.22 , 1383313/-

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ തോട്ടുചിറ കലുങ്ക് നിർമ്മാണം എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിയുടെ 12-ാം ഇനമായി ഫില്ലിംഗ് ലോ ലെയിംഗ് വാട്ടർ ലോഗ്ഡ് ഏരിയ എന്നയിനം അളവ് പുസ്തകം 604/21-22 പുറം 26,27 എന്നിവ പ്രകാരം ഫില്ലിംഗ് നടത്തിയിട്ടുള്ളത് 258.025m$^3$ ആണ്. എന്നാൽ ഇത് തെറ്റായി 266.5m$^3$ എന്ന് രേഖപ്പെടുത്തി കൺസോളിഡേഷൻ 10% കുറവ് ചെയ്ത് 239.86m$^3$ ന് 1154.87/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തി 2,77,007/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ശരിയായ അളവ് പ്രകാരം ഈയിനത്തിന് അനുവദിക്കാവുന്ന അളവ് (258.025m$^3$-10%), 232.22m$^3$ മാത്രമാണ്. ആകയാൽ അധികം നൽകിയ (239.86m$^3$ – 232.22m$^3$), 7.64m$^3$ X 1154.87/m$^3$ = 8823 + 1059 (12%GST) = 9,882/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. മേൽ അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/9.8.23) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-32 കരാർ പ്രവർത്തിക്ക് എഗ്രിമെന്റ് വെക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ തോട്ടുചിറ കലുങ്ക് നിർമ്മാണം എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തി 77/21 നമ്പരായി എഗ്രിമെന്റ് വെച്ചിട്ടുള്ളതും 2022-23 ൽ സ്പിൽഓവർ പ്രോജക്ടായി (35/23) പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഈ പ്രവർത്തിക്ക് 8/AE/LSGD/21-22 /19.7.21 പ്രകാരം വെച്ച എഗ്രിമെന്റ് അനുസരിച്ച് 6 മാസകാലാവധി നിശ്ചയിച്ചിരുന്നു. ഇത് പ്രകാരം 18.1.22ൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിനെതുടർന്ന് 08/a/AE/LSGD/19.1.22 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എന്നാൽ ഈ എഗ്രിമെന്റ് വെച്ചിട്ടുള്ള മുദ്രപ്പത്രം DH174570 വാങ്ങിയിട്ടുള്ളത് 31.3.2022ൽ ആണ്. ഇപ്രകാരം മുദ്രപ്പത്രം വാങ്ങുന്നതിന് മുമ്പുള്ള തീയതിയിൽ തന്നെ പ്രസ്തുത പത്രത്തിൽ കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പ് വെക്കുക എന്നത് അസാധ്യമാണ്. കൂടാതെ രണ്ടാമത് തവണയും കാലാവധി നീട്ടി നൽകിയതിന് 19.4.22-ൽ 8/b/AE/LSGDനമ്പരായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ള മുദ്രപ്പത്രം വാങ്ങിയിട്ടുള്ളത് (DH802296, DT704017) 11.7.22-ൽ ആണ്. മേൽ അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/9.8.23) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കാലിവീപ്പയുടെ ജി.എസ്.ടി ബില്ലിൽ കുറവ് ചെയ്യുതിനാൽ നഷ്ടമായി

ഗ്രാമപഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് പിൻവലിച്ചതിനാൽ ജി.എസ്.ടി തുക നഷ്ടമാവുകയാണുണ്ടായത്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റ് കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | കരാറുകാരന്റെ പേര്/ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | 18% ജി.എസ്.ടി 43 രൂപ നിരക്കിൽ നഷ്ടമായ തുക | സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 65/23, (143/22) ആലുങ്കൽ റോഡ് ടാറിംഗ് | ഭുവനേന്ദ്രൻ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 6 ബാരൽ | 1686 | 258 | | 3/27.7.22 |
| 2 | 33/23, (157/22) പറമ്പിൽ യക്ഷിയമ്പലം റോഡ് ടാറിംഗ് | പ്രകാശ് ഡി. മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13 ബാരൽ | 266 രൂപ നിരക്കിൽ 3458 | 13x15=195 | 3458 | 45011/ 7.6.22 |
| 3 | 9/23 മൃഗാശുപത്രി വടക്കേതയ്യിൽ റോഡ് മെറ്റലിംഗ് ടാറിംഗ് | കെ.കെ.ശിവദാസ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5 ബാരൽ | 1405 | 215 | - | 8/8.2.23 |
| 4 | 6/23 മൂപ്പശ്ശേരി ബീച്ച് റോഡ് മെറ്റലിംഗ് ടാറിംഗ് | ബൈജു കെ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7ബാരൽ | 1967 | 302 | - | 22201195/ 30.1.23 |
| 5 | 136/23 ഷൺമുഖ ക്ഷേത്രം തോട്ടുചിറ റോഡ് | അക്ഷയ് സി.അശോക് (ധനകാര്യ കമ്മീഷൻ | 17ബാരൽ | 4777 | 731 | 4777 | 84104/ 27.7.23 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ടാറിംഗ് | ഗ്രാന്റ്) | | | | | |
| 6 | 138/23 മൃഗാശുപത്രി കരിക്കാത്തറ റോഡ് ടാറിംഗ് | ബൈജു കെ. (മെയിന്റനൻസ് ഗ്രാന്റ്, തനത്) | 12ബാരൽ | 3372 | 516 | 3372 | 84076/ 13.2.23 |
| ആകെ | | | | | 2217 | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/9.8.23) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക പിൻവലിച്ച് പ്രസ്തുത വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്. കൂടാതെ വികസന ഫണ്ടുകൾ ഉപയോഗിച്ചവയുടെ കാര്യത്തിൽ, ബില്ലിൽ കുറവ് ചെയ്യുകവഴി നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-34 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് ഫൈൻ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ- 35/23

തോട്ടുചിറ കലുങ്ക് നിർമ്മാണം

അടങ്കൽ- 1450000/- തനത് ഫണ്ട്.

കരാറുകാരൻ- പി.എസ്.സുനിൽകുമാർ

പി.എ.സി- 1293988/- ചെക്ക് നമ്പർ- 757246/10.10.22 , 1383313/-

എഗ്രിമെന്റ് വെച്ച് സൈറ്റ് ഏറ്റെടുത്ത തിയതി- 19.7.2021

പൂർത്തീകരണ കാലയളവ്- 6 മാസം

ചെക്ക് നമ്പർ- 757246/10.10.22, രൂപ 1383313/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. ഈ പ്രവർത്തിക്ക് 8/AE/LSGD/21-22/19.7.21 പ്രകാരം വെച്ച എഗ്രിമെന്റ് അനുസരിച്ച് 6 മാസ കാലാവധി നിശ്ചയിച്ചിരുന്നു. ഇത് പ്രകാരം 18.1.22ൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിനെതുടർന്ന് 08/a/AE/LSGD/19.1.22 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എന്നാൽ ഈ എഗ്രിമെന്റ് വെച്ചിട്ടുള്ള മുദ്രപ്പത്രം DH174570 വാങ്ങിയിട്ടുള്ളത് 31.3.2022-ൽ ആണ്. ഇപ്രകാരം മുദ്രപ്പത്രം വാങ്ങുന്നതിന് മുമ്പുള്ള തിയതിയിൽ തന്നെ പ്രസ്തുത പത്രത്തിൽ കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പ് വെക്കുക എന്നത് അസാധ്യമാണ്. കൂടാതെ രണ്ടാമത് തവണയും കാലാവധി നീട്ടി നൽകിയതിന് 19.4.22-ൽ 8/b/AE/LSGDനമ്പരായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ള മുദ്രപ്പത്രം വാങ്ങിയിട്ടുള്ളത് (DH802296, DT704017) 11.7.22-ൽ ആണ്. എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി- 18.1.2022. യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തിയാക്കിയ തിയതി- 27.5.2022.

മേൽ സൂചിപ്പിച്ച വിധം അപാകതകൾ ഉള്ളതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ചുവടെ ചേർക്കുന്നവിധം ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

| കാലയളവ് | ഈടാക്കേണ്ട ഫൈൻ | |
|---|---|---|
| 19.1.2022 മുതൽ 18.4.22 വരെ | 1293988 X 1% | 12940 |
| 19.4.2022 മുതൽ 27.5.22 വരെ | 1293988 X 2%x39/90 | 11215 |
| ആകെ | | 24155/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (23/10.8.23) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ഫൈൻ

ഇനത്തിൽ ഈടാക്കേണ്ട 24,155/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-35 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴുത്ത് നിർമ്മാണം

അളവു പുസ്തകം - 135/2021-22

വ്യക്തിഗത പ്രവർത്തി - തൊഴുത്ത് നിർമ്മാണം -റീത്താമ്മ സൈമൺ

വർക്ക് കോഡ്- IF-589064

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം സോളിഡ് ബ്ലോക്ക് മേസണറി, പ്ലാസ്റ്ററിംഗ് എന്നിവയുൾപ്പെടെയുള്ള പ്രവർത്തികൾക്കായി 0.83 ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/ടൺ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള സിമന്റ് വാങ്ങിയതിന്റെ ബിൽ പ്രകാരം ഒരു ബാഗിന് 28%ജി.എസ്.ടി ഉൾപ്പെടെ 354.99 രൂപയാണ് നിരക്ക്. അതായത് 7.09/kg. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22ലെOMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി 0.83 ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/ടൺ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയതുമൂലം അധികചെലവുണ്ടായിട്ടുണ്ട്. അനുവദനീയമായ തുക 830kgx 7.09/kg= 5885/-രൂപ. ആകയാൽ അധികം നൽകിയ (10199- 5885), 4314/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (23/9.8.23) ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവർത്തിയുടെ ഫൈനൽ ബിൽ സാങ്കേതിക കാരണങ്ങളാൽ നൽകിയിട്ടില്ലെന്നും ബിൽ നൽകുമ്പോൾ പ്രസ്തുത തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-36 2018, 2019 വർഷങ്ങളിൽ ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ 2018, 2019 വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ച പല ഗുണഭോക്താക്കളും ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

(എ) ലൈഫ് പദ്ധതി - ഭവന നിർമ്മാണം (ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു 40000/- രൂപ നൽകിയ തീയതി | ആകെ നൽകിയ തുക | റിമാർക് |
|---|---|---|---|---|
| 1 | ആശാ ഗോപി, തൈപ്പറമ്പിൽ, തിരുവിഴ, വാർഡ്-7 | 26.11.2018 | 3,40,000 | റൂഫ് പൂർത്തിയായി |
| 2 | മെറ്റിൽഡ ഔസേഫ്, കിഴക്കേവീട്, ചെത്തി പി.ഒ, വാർഡ്-1 | 25.03.2021 | 3,00,000 | റൂഫ് പൂർത്തിയായി |
| 3 | വത്സല ബാബുനാരായണൻ, | 30.9.2020 | 3,60,000 | റൂഫ് പൂർത്തിയായി |

| | | | | |
|---|---|---|---|---|
| | കാരേകാട്ട്, മാരാരിക്കുളം വടക്ക്, വാർഡ്-15 | | | |

(ബി) ലൈഫ് പദ്ധതി - ഭവന നിർമ്മാണം (എസ് സി)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു 40,000/- രൂപ നൽകിയ തീയതി | ആകെ നൽകിയ തുക | റിമാർക് |
|---|---|---|---|---|
| 1 | സരിത പി.റ്റി., കാർത്തിക ഭവനം, വാർഡ്-5 | 12.07.2018 | 3,60,000 | - |
| 2 | സുശീലൻ കെ.വി,. നികർത്തിൽ, സൌത്ത് ആര്യാട്, അവലൂക്കുന്ന് പി.ഒ., വാർഡ്-2 | 15.03.2021 | 2,40,000 | ഫൌണ്ടേഷൻ |
| 3 | വിനിജാമോൾ പി.വി., ചെല്ലാട്ടുവെളി, വാർഡ്-5 | 15.03.2021 | 3,00,000 | റൂഫ് പൂർത്തിയായി |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.) നം.34 /2018/ ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റി വർഷങ്ങൾ പിന്നിട്ടിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടിസ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 മോട്ടോർ റണ്ണിംഗ് ഫീസീടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തിയുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. നാച്ചുറൽ ഫൈബർ ടഫ്റ്റ്(13/260A) എന്ന കയർമാറ്റ് നിർമ്മാണ സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷയിൽ 153Hp മോട്ടർ ഉപയോഗിക്കുന്നുവെന്ന് പറയുന്നുവെങ്കിലും ആയതിനുള്ള ഫീസ് ഈടാക്കിയില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (5/8.8.2023) നൽകിയതിന്റെ അടിസ്ഥാനത്തിൽ 2023-24 വർഷത്തെ മോട്ടോർ റണ്ണിംഗ് ഫീസ് ഉൾപ്പെടെ 4,000/-രൂപ ഈടാക്കുന്നതിന് പ്രസ്തുത സ്ഥാപന ഉടമയ്ക്ക് കത്ത് നല്കിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് അടവാക്കുന്നതു പ്രകാരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫീസീടാക്കി മാത്രം ലൈസൻസ് നൽകേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എർത്ത് ഫില്ലിംഗ് ക്വോണ്ടിറ്റി കാൽക്കുലേഷനിലെ പിശക് മൂലം അധികം ചെലവഴിച്ചു

തോട്ടുചിറ കലുങ്ക് നിർമ്മാണം- പ്രോജക്ട് നമ്പർ 35/23

അടങ്കൽ- 1450000/- തനത് ഫണ്ട്.

കരാറുകാരൻ- പി.എസ്.സുനിൽകുമാർ

പി.എ.സി- 1293988/- ചെക്ക് നമ്പർ- 757246/10.10.22 , 1383313/-

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ തോട്ടുചിറ കലുങ്ക് നിർമ്മാണം എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിയുടെ 12-ാം ഇനമായി ഫില്ലിംഗ് ലോ ലെയിംഗ് വാട്ടർ ലോഗ്ഡ് ഏരിയ എന്നയിനം അളവ് പുസ്തകം 604/21-22 പുറം 26,27 എന്നിവ പ്രകാരം ഫില്ലിംഗ് നടത്തിയിട്ടുള്ളത് $258.025m^3$ ആണ്. എന്നാൽ ഇത് തെറ്റായി $266.5m^3$ എന്ന് രേഖപ്പെടുത്തി കൺസോളിഡേഷൻ 10% കുറവ് ചെയ്ത് $239.86m^3$ ന് 1154.87/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തി 277007/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ശരിയായ അളവ് പ്രകാരം ഈയിനത്തിന് അനുവദിക്കാവുന്ന അളവ് ($258.025m^3$ - 10%), $232.22m^3$ മാത്രമാണ്. ആകയാൽ അധികം നൽകിയ ($239.86m^3$ – $232.22m^3$), $7.64m^3$ X $1154.87/m^3$ = 8823 + 1059 (12%GST) = 9,882/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. മേൽ അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/9.8.23) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 കരാർ പ്രവർത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷുറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവർത്തികളിൽ ഇപ്രകാരം ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവർത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2%നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് കളിസ്ഥലം | 142/23 | ജിതേന്ദ് | 204365 | 409 |

| | | | | | |
|---|---|---|---|---|---|
| | നവീകരണം | | | | |
| 2 | ഷൺമുഖക്ഷേത്രം തോട്ടുചിറ റോഡ് ടാറിംഗ് | 136/23 | അക്ഷയ് സി.അശോക് | 759309 | 1519 |
| 3 | മൃഗാശുപത്രി കരിക്കാത്തറ റോഡ് ടാറിംഗ് | 138/23 | കെ.ബൈജു | 506527 | 1013 |
| ആകെ | | | | | 2941 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (21/9.8.23) മറുപടി ലഭ്യമാക്കിയില്ല. കരാർ വ്യവസ്ഥ പ്രകാരം ഇൻഷുറൻസ് ലഭ്യമാക്കാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% നിരക്കിൽ ഈടാക്കേണ്ടതായ 2,941/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

3-3 കാലിവീപ്പയുടെ ജി.എസ്.ടി ബില്ലിൽ കുറവ് ചെയ്തതിനാൽ നഷ്ടമായി

ഗ്രാമപഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് പിൻവലിച്ചതിനാൽ ജി.എസ്.ടി തുക നഷ്ടമാവുകയാണുണ്ടായത്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | 18% ജി.എസ്.ടി 43 രൂപ നിരക്കിൽ നഷ്ടമായ തുക | സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 65/23, (143/22) ആല്യങ്കൽ റോഡ് ടാറിംഗ് | ഭുവനേന്ദ്രൻ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 6ബാരൽ | 1686 | 258 | | 3/27.7.22 |
| 2 | 33/23, (157/22) പറമ്പിൽ യക്ഷിയമ്പലം | പ്രകാശ് ഡി. മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13ബാരൽ | 266രൂപ നിരക്കിൽ 3458 | 13x15=195 | 3458 | 45011/ 7.6.22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റോഡ് ടാറിംഗ് | | | | | | |
| 3 | 9/23 മൃഗാശുപത്രി വടക്കേ തയ്യിൽ റോഡ് മെറ്റലിംഗ് ടാറിംഗ് | കെ.കെ.ശിവദാസ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5ബാരൽ | 1405 | 215 | - | 8/8.2.23 |
| 4 | 6/23 മൂപ്പശ്ശേരി ബീച്ച് റോഡ് മെറ്റലിംഗ് ടാറിംഗ് | ബൈജു കെ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7ബാരൽ | 1967 | 302 | - | 22201195/ 30.1.23 |
| 5 | 136/23 ഷൺമുഖ ക്ഷേത്രം തോട്ടുചിറ റോഡ് ടാറിംഗ് | അക്ഷയ് സി.അശോക് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 17ബാരൽ | 4777 | 731 | 4777 | 84104/ 27.7.23 |
| 6 | 138/23 മൃഗാശുപത്രി കരിക്കാത്തറ റോഡ് ടാറിംഗ് | ബൈജു കെ. (മെയിന്റനൻസ് ഗ്രാന്റ്, തനത്) | 12ബാരൽ | 3372 | 516 | 3372 | 84076/ 13.2.23 |
| ആകെ | | | | | 2217 | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/9.8.23) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക പിൻവലിച്ച് പ്രസ്തുത വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്. കൂടാതെ വികസന ഫണ്ടുകൾ ഉപയോഗിച്ചവയുടെ കാര്യത്തിൽ, ബില്ലിൽ കുറവ് ചെയ്യുകവഴി നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2,00,000 | സുമനസാന്ത്വന പാലിയേറ്റീവ് കെയർ | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2,68,551 | അനുപൂരക പോഷകാഹാര പരിപാടി | 2,68,551 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 8,43,000 | ലൈഫ് മിഷൻ (എസ് സി) | 8,43,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 7,80,000 | ലൈഫ് മിഷൻ (ജനറൽ) | 7,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 5,28,620 | സ്കോളർഷിപ്പ് | 5,28,620 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 4,00,000 | പാലിന് സബ്സിഡി | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 1,50,000 | അഗതി ആശ്രയ പദ്ധതി | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2,08,000 | നെൽകൃഷി വികസനം | 2,08,000 | 0 |
| ആകെ | | 33,78,171 | | 33,78,171 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 1,85,000 | അനുപൂരക പോഷകാഹാര പരിപാടി | 1,85,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 18,40,000 | ലൈഫ് മിഷൻ (എസ് സി) | 18,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 59,50,000 | ലൈഫ് മിഷൻ (ജനറൽ) | 59,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 7,07,441 | പഠനമറി നിർമ്മാണം (എസ് സി) | 7,07,441 | 0 |
| ജില്ലാ പഞ്ചായത്ത് | | 1,85,819 | സ്കോളർഷിപ്പ് | 1,85,819 | 0 |
| ജില്ലാ പഞ്ചായത്ത് | | 1,98,000 | പാലിന് സബ്സിഡി | 1,98,000 | 0 |
| ജില്ലാ | | 2,00,000 | അഗതി | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ആശ്രയ പദ്ധതി | | |
| ആകെ | | 92,66,260 | | 92,66,260 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻ വർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 50,00,000 | 4,29,34,707 | 4,38,283 | | 4,24,96,424 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2022-23 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,28,26,700 |
| തൻവർഷം നിക്ഷേപിച്ച തുക | 11,91,386 |
| ആകെ | 2,40,18,086 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,40,18,086 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | തിയതി |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 19,39,859 | 13.01.2015 |
| ജില്ലാ സഹകരണ ബാങ്ക് | 19,33,333 | 13.01.2015 |
| ജില്ലാ സഹകരണ ബാങ്ക് | 14,645 | 30.07.2016 |
| ജില്ലാ സഹകരണ ബാങ്ക് | 4,45,378 | 09.05.2017 |
| ജില്ലാ സഹകരണ ബാങ്ക് | 71,37,595 | 16.06.2017 |

| | | |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 64,32,582 | 03.07.2018 |
| ജില്ലാ സഹകരണ ബാങ്ക് | 61,14,694 | 04.07.2019 |
| ആകെ | 2,40,18,086 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 1(12) | 5,000 | Director Esckaped Resort Pri Ltd | 1220104438/ 10.3.2023 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,97,86,414/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,62,00,647/- |
| വരവിനങ്ങളിലുള്ള നഷ്ടം | 4,000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,823/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,10,434/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 4,000/- | - | ബിജി എസ്., സെക്രട്ടി |
| 3-1 | | 9,882/- | ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എൻജിനീയർ |

| | | | |
|---|---|---|---|
| 3-2 | | 2,941/- | ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 4,000/- | 12,823/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2,00,000/- | ശ്രീ.ജി.രാമചന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 13,08,420/- | ശ്രീമതി അശ്വതി വിശ്വനാഥൻ, കൃഷി ഓഫീസർ |
| 1-23 | 62,414 /- | ശ്രീമതി ബിജി എസ്., സെക്രട്ടറി |
| 1-25 | 39,600 | ശ്രീ.ജോർജ്ജ് വർഗ്ഗീസ്, വെറ്ററിനറി സർജൻ |
| ആകെ | 16,10,434/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 13,440/- | ശ്രീ.ജി.രാമചന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജി എസ്., സെക്രട്ടറി | സെക്രട്ടറി മാരാരിക്കുളം വടക്ക് പഞ്ചായത്ത് | ഐശ്വര്യ, തിരുവമ്പാടി, ആലപ്പുഴ |
| ശ്രീ.ജോർജ്ജ് വർഗ്ഗീസ്, വെറ്ററിനറിസർജൻ | വെറ്ററിനറി സർജൻ, മാരാരിക്കുളം വടക്ക് | വില്ല നം.10, എം.ഐ.ആർ.ഗ്രീൻ റിയാലിറ്റീസ്, അമ്പാടിമൂല, കാക്കനാട് |
| ശ്രീമതി അശ്വതി വിശ്വനാഥൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | ലേഖാഭവൻ, കാട്ടൂർ പി.ഒ., ആലപ്പുഴ |
| ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | പുന്നയ്ക്കൽ, കാട്ടൂർ പി.ഒ., ആലപ്പുഴ |
| ശ്രീ.ജി.രാമചന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | നിലാപറമ്പിൽ കൊറ്റംകുളങ്ങര അവലൂക്കുന്ന് പി.ഒ., ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.എ5-1832/11/20-01-12 – ഓഡിറ്റ് അദാലത്ത് 2011-12 |
| 2002-03 | |
| 2003-04 | |
| 2004-05 | |

| | |
|---|---|
| 2005-06 | |
| 2006-07 | എൽ.എഫ്.ജി.എ-5/1577/13/7-6-2014 – ഓഡിറ്റ് അദാലത്ത് 2013-14 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2011-12 & 12-13 | കെ.എസ്.എ-എ.എൽ.പി/പി8-847/2022/05.08.2022 അദാലത്ത് റിപ്പോർട്ട് |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി8-847/2022/05.08.2022 അദാലത്ത് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി8-847/2022/05.08.2022 അദാലത്ത് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി8-847/2022/05.08.2022 അദാലത്ത് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി8-847/2022/05.08.2022 അദാലത്ത് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി8-317/19/04.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-148/20/13.02.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി8-384/21/12.04.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി8-779/2021/24.09.2021 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി8-560/2022/25.01.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 10-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mararikkulam North Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mararikkulam North Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

**Audit Report appended to the Audit Certificate of Mararikkulam North Grama Panchayat for the Year 2022-2023.**

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) Cash flow statement Net increase / decrease in cash flow does not match with the differernce between the opening and
closing balance of cash and cash equivalens.

3.In the financial accounts , Rs.2756846/- is left in Schedule B4 schedule under CFC Grant, but

Rs.2991680/- is recorded in Schedule
B17, the difference remains.

4.Although the jilla Panchayat share and Block Panchayat share available for joint projects have been fully spent during the year,
there remains Rs. 116700 and Rs.25895/- respectively .Steps should be taken to spend this amount.
5.Demand entries are not recorded in time. A demand entry is made at the end of the year in the ledger for property tax,
employment tax, license etc.

6.There is a mismatch between the amounts in the annual financial statement and the sums entered in the respective registers.

Eg. Between the amount recorded in the sanchaya and annual financial statement does not match
7. Beneficiary Contribution Rs.643570/- is unspent in B4 Schedule . From ledger book it is noted that 568809/- is the amount
available in previous years beneficiary contribution . Steps should be taken to spend the amount.
8. There is a difference between the amount paid directly to the beneficiaries of the Employment Guarantee Scheme in the EFMS
statement and the amount recorded in the annual financial statement.
As per annual finacial statement 103074412
As per EFMS Statement 102449896.The difference is not explained.
9. Defects found in the Reconciliation form
a).According to the passbook of SBIE payment account, the deposit amount is Rs.13029518 /-, in the reconciliation statement there
is check issued but not presented into bank Rs.2600000 /- and check deposited but not cleared is Rs.29242 /-.
The above amounts are not adjusted
b).Reconciliation statement of Bank of Baroda account shows check issued but not presented in to bank 407353/-, this amount is not
adjusted
c).Canarabank account balance is Rs.508095/- as per passbook and Rs.280132/- as per annual account. Check issued but not preset
in to bank 227963 /- , Check not present
d).Kerala Bank - (on fund) account as per bank passbook deposit amount 6206598 , Reconciliation amount 6505018 /-
Cheque issued but not presented in to bank 116180
cheque deposited but not cleared =414600
No action has been taken to adjust the amounts entered as Directly debited by bank in the bank reconciliation statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്